**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4733** **29-10-2021 - ൽ മറുപടിയ്ക്ക്**

**അവശകലാകാരൻമാർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള ലൈഫ് സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അവശകലാകാരൻമാർക്ക് സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് വഴി നൽകുന്ന പെൻഷൻ മുടക്കമില്ലാതെ ലഭിക്കാൻ വർഷത്തിൽ രണ്ടുതവണ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടുവരുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 11/08/2017ലെ സ.ഉ.(കൈ)നം. 21/2017/ സാം.കാ.വ. നമ്പർ ഉത്തരവ് പ്രകാരം കലാകാരപെൻഷൻ മുടക്കം കൂടാതെ ലഭിക്കുന്നതിന് വർഷത്തിൽ രണ്ട് തവണ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിൻ പ്രകാരം എല്ലാ വർഷവും ജനുവരി, ജൂൺ എന്നീ മാസങ്ങളിൽ കലാകാരന്മാർ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. |
| (ബി) | ഇത്തരത്തിൽ രണ്ടുതവണ ലൈഫ് സർട്ടിഫിക്കറ്റ് നൽകാൻ നിർബന്ധിതരാവുന്നത് കലാകാരൻമാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതും സമയത്ത് ലൈഫ് സർട്ടിഫിക്കറ്റ് നൽകാൻ കഴിയാത്തവരുടെ പെൻഷൻ മുടങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ലൈഫ് സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്ന കലാകാരന്മാരുടെ പെൻഷൻ കുടിശ്ശികയാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ലൈഫ് സർട്ടിഫിക്കറ്റ് കലാകാരന്മാർ ലഭ്യമാക്കുന്ന മുറയ്ക്ക് കുടിശ്ശികയടക്കം കലാകാരപെൻഷൻ നൽകി വരുന്നുമുണ്ട്. |
| (സി) | ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിന്റെ അടിസ്ഥാനത്തിൽ എത്ര കലാകാരന്മാരുടെ പെൻഷൻ നിലവിൽ തടസ്സപ്പെട്ടുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) | നിലവിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത 670 കലാകാരന്മാരുടെ പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. |
| (ഡി) | മറ്റെല്ലാ ക്ഷേമ പെൻഷനുകൾക്കുമെന്നപോലെ അവശകലാകാരൻമാർക്കുള്ള പെൻഷനും ലൈഫ് സർട്ടിഫിക്കറ്റ് വർഷത്തിൽ ഒരു തവണ മാത്രം ഹാജരാക്കുന്ന രീതിയിലേക്ക് നടപടിക്രമങ്ങളിൽ ഭേദഗതി വരുത്താൻ മുൻകൈയെടുക്കുമോ; വിശദമാക്കാമോ? | (ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ